പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.3032

22.02.2016-ൽ മറുപടിക്ക്

## കുടിവെള്ളം വിതരണം ചെയ്യുന്നതിന് അനുവദിച്ചിരുന്ന വൈദ്യുതി നിരക്കും ഭവനപദ്ധതിയും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. രാജു എബ്രഹാം | ഡോ. എം.കെ. മുനീർ<br>( പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പമന്ത്രി) |
| എ) പഞ്ചായത്തുകളിലെ ഗുണഭോക്തൃ സമിതികൾക്ക് കുടിവെള്ളം വിതരണം ചെയ്യുന്നതിനായി അനുവദിച്ചിരുന്ന വൈദ്യുതി നിരക്ക് എത്രയായിരുന്നു; ഇപ്പോൾ അത് എത്രയായി വർദ്ധിപ്പിച്ചു എന്ന് വ്യക്തമാക്കാമോ; വൈദ്യുതി നിരക്ക് ഉയർത്തിയത് കുടിവെള്ള വിതരണ പദ്ധതിയുടെ നിലനില്പിനുതന്നെ ദോഷകരമാകുന്ന സാഹചര്യത്തിൽ തുക കുറയ്ക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു എന്നു പറയാമോ ; | എ) സംസ്ഥാനത്തെ വിവിധ വിഭാഗം ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജ് അവസാനമായി പരിഷ്കരിച്ചത് കേരളാ സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷന്റെ 14.08.2014 ലെ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ്. ടി ഉത്തരവ് 16.08.2014 ന് പ്രാബല്യത്തിൽ വന്നു. 16.08.2014 വരെ എസ്.സി., എസ്.ടി. കോളനികളിലെ കുടിവെള്ള വിതരണ പദ്ധതികൾ ഉൾപ്പെടെ ഗുണഭോക്തൃ സമിതികൾ ഏറ്റെടുത്തു നടത്തുന്ന എല്ലാ കുടിവെള്ള പദ്ധതികളെയും എൽ.ടി1 ഗാർഹിക താരിഫ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് ബില്ല് ചെയ്തു വന്നിരുന്നത്. എന്നാൽ 16.08.2014 മുതൽ പ്രാബല്യത്തിൽ വന്ന പരിഷ്കരണത്തിലൂടെ ഇവയെ എൽ.ടി VI E താരിഫ് കാറ്റഗറിയിൽ ഉൾപ്പെടുത്തിയാണ് ബില്ല് ചെയ്ത് വരുന്നത്. താരിഫ് കാറ്റഗറിയിൽ ഉണ്ടായമാറ്റം മൂലം വൈദ്യുതി ചാർജ്ജിലുണ്ടായ വ്യത്യാസം അനുബന്ധമായി ചേർത്തിരിക്കുന്നു.<br>എന്നാൽ 16.08.2014 മുതൽ പ്രാബല്യത്തിൽ വന്ന താരിഫ് പരിഷ്കരണ ഉത്തരവുപ്രകാരം ചെറുകിട കുടിവെള്ള പദ്ധതികൾ മുമ്പ് ഉൾപ്പെടുത്തിയിരുന്ന |

(16.08.2014 ന മുമ്പ്) LT-1 താരിഫ് കാറ്റഗറിയുടെ താഴെത്തട്ടിലുള്ള സ്ലാബ് നിരക്കുകൾ താഴെപ്പറയും പ്രകാരമാണ്.

| പ്രതിമാസ ഉപഭോഗം | നിരക്ക് (നിരക്ക് LT-1) (രൂപ/യൂണിറ്റ്) | |
|---|---|---|
| 0-50 | 2.8 | ടെലിസ്കോപ്പിക് |
| 51-100 | 3.2 | |
| 101-150 | 4.2 | |

കുടിവെള്ള പദ്ധതികൾ മുമ്പ് (16.08.2014 ന മുമ്പ്) ഉൾപ്പെട്ടിരുന്ന താരിഫ് കാറ്റഗറിയുടെ (LT-1) ഇപ്പോഴത്തെ നിരക്കുമായി താരതമ്യപ്പെടുത്തുമ്പോൾ വർദ്ധനവ് ഉണ്ടായതായി കണക്കാക്കാൻ കഴിയില്ല. ആയതിനാൽ ചെറുകിട കുടിവെള്ള പദ്ധതികളുടെ നിലവിലുള്ള നിരക്ക്, പദ്ധതികളുടെ നിലനിൽപ്പിനു തന്നെ ദോഷകരമാണെന്ന സാഹചര്യം ഉള്ളതായി കരുതുന്നില്ല.

ബി) പഞ്ചായത്ത് ഫണ്ടിൽ നേരത്തെ എത്ര ശതമാനം തുകയായിരുന്നു ഉദ്പ്പാദന മേഖലയ്ക്കും സേവന മേഖലയ്ക്കും വകയിരുത്തിയിരുന്നത്; ഈ മേഖല കൾക്ക് ഫണ്ട് വകയിരുത്തുന്നതിന് നിലവിൽ തടസ്സമുണ്ടോ; വിശദമാക്കുമോ;

ബി) 11-ാം പഞ്ചവത്സര പദ്ധതിയുടെ അവസാന കാലഘട്ടത്തിൽ ഉത്പാദന മേഖലയ്ക്ക് വകയിരുത്തേണ്ട കുറഞ്ഞതുക 30 ശതമാനമായിരുന്നു. സേവനമേഖലയ്ക്ക് പ്രത്യേകം നിഷ്കർഷിച്ചിരുന്നില്ല.

12-ാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗരേഖയിൽ ഉത്പാദന മേഖലയ്ക്ക് മുൻഗണന നൽകണമെന്ന് പ്രത്യേകം നിഷ്കർഷിച്ചിരുന്നു. 12-ാം പഞ്ചവത്സര പദ്ധതിക്കാലത്ത് പശ്ചാത്തലമേഖലയ്ക്ക് മാത്രം ഉയർന്ന പരിധി നിശ്ചയിക്കുകയും ബാക്കി 2 മേഖലകളിലെ ചെലവ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സ്വാതന്ത്ര്യത്തിന് വിട്ടുകയും ചെയ്തു. ഇതിന്റെ ഫലമായി താല്പര്യമുള്ള തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഉല്പാദന മേഖലയിൽ ആവശ്യാനുസരണം തുക ചെലവഴിക്കാൻ കഴിയും.

| | |
|---|---|
| സി) ഭവന പദ്ധതിയിൽ വാർഡൊന്നിന് ഒരു വീട് വീതം എന്ന തത്വം ഇപ്പോൾ പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഈ നിയമം മാറ്റാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; വീടില്ലാത്തവർക്ക് ഈ മാറ്റം മൂലമുണ്ടാകുന്ന ബുദ്ധിമുട്ട് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ? | സി) മുൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ 125-ാം ജന്മവാർഷികം പ്രമാണിച്ച് 2015-16 വാർഷികപദ്ധതിയിൽ എല്ലാ വാർഡുകളിലും ഏറ്റവും അർഹരായ ഒരു കുടുംബത്തെ കണ്ടെത്തി അവർക്ക് ജവഹർലാൽ നെഹ്റു ജയന്തി ഭവന നിർമ്മാണ ധനസഹായമായി 2,00,000/- (രണ്ടു ലക്ഷം രൂപ മാത്രം) വീതം നൽകേണ്ടതാണെന്നും ആയതിന് ആവശ്യമായ തുക എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അവരുടെ പ്ലാൻ ഫണ്ടിൽ നീക്കിവയ്ക്കേണ്ടതാണെന്നും ആയതിലേയ്ക്കായി നിലവിലുള്ള മാനദണ്ഡങ്ങൾ പ്രകാരം ഭവന നിർമ്മാണത്തിനായി വാർഡ് തലത്തിൽ തയ്യാറാക്കുന്ന ഗുണഭോക്തൃ ലിസ്റ്റിലെ സീനിയോറിറ്റി ക്രമം പാലിക്കേണ്ടതാണെന്നും സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

Liya

**സെക്ഷൻ ഓഫീസർ**

## അനുബന്ധം

| പ്രതിമാസ ഫിക്സഡ് ചാർജ്ജ് | 16.08.2014 വരെ | 16.08.2014 മുതൽ |
|---|---|---|
| സിംഗിൾ ഫേസ് | 20 രൂപ/കണക്ഷൻ | 20 രൂപ/കണക്ഷൻ |
| ത്രീഫേസ് | 60 രൂപ/കണക്ഷൻ | 60 രൂപ/കണക്ഷൻ |

എനർജി ചാർജ്ജ്

<table>
<tr><th>പ്രതിമാസ ഉപഭോഗം</th><th colspan="2">16.08.2014 വരെയുള്ള നിരക്ക് (ഗാർഹിക താരിഫിൽ) (രൂപ/യൂണിറ്റ്)</th><th>പ്രതിമാസ ഉപഭോഗം (യൂണിറ്റിൽ)</th><th colspan="2">16.08.2014 മുതലുള്ള നിരക്ക് (LT VI (E) താരിഫ് പ്രകാരം (രൂപ/യൂണിറ്റ്)</th></tr>
<tr><td>0-40</td><td>1.5</td><td rowspan="6">ടെലിസ്കോപ്പിക്</td><td rowspan="2">50 യൂണിറ്റ് വരെ</td><td rowspan="2">2.8</td><td rowspan="10">നോൺ ടെലിസ്കോപ്പിക്</td></tr>
<tr><td>0-80</td><td>2.2</td></tr>
<tr><td>81-120</td><td>3</td><td rowspan="2">120 യൂണിറ്റ് വരെ</td><td rowspan="2">3.8</td></tr>
<tr><td>121-150</td><td>3.8</td></tr>
<tr><td>151-200</td><td>5.3</td><td rowspan="2">200 യൂണിറ്റ് വരെ</td><td rowspan="2">4.5</td></tr>
<tr><td>201-300</td><td>6.5</td></tr>
<tr><td>0-350</td><td>5</td><td rowspan="4">നോൺ ടെലിസ്കോപ്പിക്</td><td rowspan="4">200 യൂണിറ്റിനു മുകളിൽ</td><td rowspan="4">6.30</td></tr>
<tr><td>0-400</td><td>5.5</td></tr>
<tr><td>0-500</td><td>6</td></tr>
<tr><td>Above 500 units</td><td>7</td></tr>
</table>

**സെക്ഷൻ ഓഫീസർ**